**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** **29-01-2024 - ൽ മറുപടിയ്ക്ക്**

**എരമം-പുല്ലുപാറയിൽ താലൂക്ക് തല ഗോഡൗൺ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറയിൽ നിർമ്മിക്കാൻ തീരുമാനിച്ച താലൂക്ക് തല ഗോഡൗൺ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | 19.12.2023-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറ ഉൾപ്പെടെയുള്ള മൂന്ന് സ്ഥലങ്ങളിലെ ഗോഡൗണുകളുടെ നിർമ്മാണത്തിനായി പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ലഭ്യമാക്കിയ ശുപാർശ അംഗീകരിക്കുകയുണ്ടായി. ആയതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പിൽ നിന്നും 5.88 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായതിന്മേൽ, പയ്യന്നൂർ താലൂക്കിലെ ഗോഡൗൺ നിർമ്മാണത്തിന് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ? | (ബി) | പയ്യന്നൂർ താലൂക്കിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ